**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 487** **08-11-2021 - ൽ മറുപടിയ്ക്ക്**

**വാണിജ്യ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. പി. നന്ദകുമാർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാണിജ്യവുമായി ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി രൂപീകരിച്ച വാണിജ്യ മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. കേരളത്തിലെ വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനായും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ മൽസരക്ഷമത ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപീകരിച്ച വാണിജ്യ മിഷൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 01/09/2021 -ലെ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വ്യാപാരി വ്യവസായ സംഘടനാ പ്രതിനിധികളേയും മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്: 1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക. 2. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നല്കുക. 3. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തു നിന്നുള്ള സംരംഭക പ്രതിനിധികളെ വിവിധ രീതിയിൽ സഹായിക്കുക. 4. കേരളത്തിലെ നിക്ഷേപകർക്ക്/സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. 5. ദേശീയ |

അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. 6. കേരളത്തിൽ ഉത്പാദിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. 7. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാ നടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ, നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യും. 8. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോൽസാഹനം നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ അസോസിയേഷനുകളുടെയും കെ.എസ്.ഐ.ഡി.സി. യുടേയും സഹകരണത്തോടെ ജില്ലകളിലും വ്യവസായ ക്ലസ്റ്ററുകളിലും കയറ്റുമതി സംബന്ധമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. 9. കയറ്റുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണലൈസ് എക്സ്പോർട്ടർ അവാർഡ്. 10. റീട്ടെൽ സംരംഭകങ്ങളുടെ അംഗീകാരം ഉൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ, തൊഴിൽനയം, ലേബലിംഗ് വൈദഗ്ധ്യവും, സാങ്കേതിക വിദ്യയും സ്റ്റാൻഡഡൈസേഷനും, അടിസ്ഥാന സൗകര്യം, ഉപയുക്തത, ഭാരവും അളവുകളും, നികുതി തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോൽസാഹനനയ രൂപീകരണം. കൂടാതെ, താഴെ പറയുന്ന വൈദഗ്ധ്യ മേഖലകൾ വാണിജ്യ മിഷനിലൂടെ നടപ്പിലാക്കും. I. ജോയിന്റ് ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്, കൊച്ചി മറ്റ് എക്സ്പോർട്ടേഴ്സ് ഫോറങ്ങൾ എന്നിവയുടെ പിന്തുണയോടെ ഫെസിലിറ്റേഷൻ സെൽ യൂണിറ്റ്. II. MPEDA, APEDA, Spices Board, Rubber Board and Coconut Development Board തുടങ്ങിയ കമ്മോഡിറ്റി ബോർഡുകളുമായും CII, FICCI, FIEO and KSSIA തുടങ്ങിയ വ്യവസായ അസോസിയേഷനുകളുമായും സഹകരിച്ച് കേരളത്തിനായുള്ള കയറ്റുമതി തന്ത്രം തയ്യാറാക്കി 4 വർഷത്തിലൊരിക്കൽ അപ്ഡേറ്റ് ചെയ്യും. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ

| | | | |
|---|---|---|---|
| | | | വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് യുവജനങ്ങൾക്കു വേണ്ടി ഇ.ഡി. ക്ലബ് കോൺക്ലേവ് - എം.എസ്.എം.ഇ സമ്മിറ്റ് (Enlight 2020) 2020 ജനുവരി 29, 30 തീയതികളിൽ സംഘടിപ്പിച്ചു. കേരളത്തിൽ നിന്നും വിദ്യാർത്ഥികൾ, അധ്യാപകർ, സംരംഭകർ തുടങ്ങിയവർ 'Enlight 2020' ഇ.ഡി. ക്ലബ് കോൺക്ലേവിൽ പങ്കെടുക്കുകയും അവരുടെ നൂതനമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. |
| (ബി) | കേരളത്തിലെ വാണിജ്യമേഖലയിൽ ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. കേരളത്തിലെ വാണിജ്യ മേഖലയ്ക്ക് ആകർഷകമായ പ്രതിച്ഛായ സൃഷ്ടിക്കുന്നതിനായും അന്താരാഷ്ട്ര വിപണിയിൽ ചെറുകിട വ്യവസായ സ്ഥാപങ്ങളുടെ മൽസരക്ഷമത ഉറപ്പാക്കുന്നതിനും സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപീകരിച്ച വാണിജ്യ മിഷൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി 01/09/2021 -ലെ ഉത്തരവ് പ്രകാരം പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വ്യാപാരി വ്യവസായ സംഘടനാ പ്രതിനിധികളേയും മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്: 1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക. 2. സംസ്ഥാനത്തെ സംരംഭങ്ങളുടെ നവീകരണത്തിനായി കപ്പാസിറ്റി വർദ്ധിപ്പിക്കൽ, സാങ്കേതികവിദ്യ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം തുടങ്ങിയവയ്ക്കുള്ള കൈത്താങ്ങ് നല്കുക. 3. ഇന്ത്യയിലും വിദേശങ്ങളിലുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ പങ്കെടുക്കുന്നതിന് സംസ്ഥാനത്തു നിന്നുള്ള സംരംഭക പ്രതിനിധികളെ വിവിധ രീതിയിൽ സഹായിക്കുക. 4. കേരളത്തിലെ നിക്ഷേപകർക്ക്/സംരംഭകർക്ക് ദേശീയ അന്തർ ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. 5. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. 6. കേരളത്തിൽ ഉത്പാദിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും |

സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക. 7. സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാ നടപടികൾ തിരിച്ചറിയുകയും ബന്ധപ്പെട്ട വകുപ്പുകൾ, നോഡൽ ഏജൻസികൾ, വ്യവസായ അസോസിയേഷനുകൾ എന്നിവയുടെ പിന്തുണയോടെ അത് സുഗമമാക്കുകയും ചെയ്യും. 8. കയറ്റുമതിക്കാരുടെ അറിവ് വർദ്ധിപ്പിക്കുന്നതിനും അന്താരാഷ്ട്ര ഇടപാടുകളിൽ പ്രോൽസാഹനം നല്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രങ്ങളുടേയും വ്യവസായ അസോസിയേഷനുകളുടെയും കെ.എസ്.ഐ.ഡി.സി. യുടേയും സഹകരണത്തോടെ ജില്ലകളിലും വ്യവസായ ക്ലസ്റ്ററുകളിലും കയറ്റുമതി സംബന്ധമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക. 9. കയറ്റുമതിയെ പ്രോൽസാഹിപ്പിക്കുന്നതിനായി ഇൻസ്റ്റിറ്റ്യൂഷണലൈസ് എക്സ്പോർട്ടർ അവാർഡ്. 10. റീട്ടെൽ സംരംഭകങ്ങളുടെ അംഗീകാരം ഉൾപ്പെടെ ബിസിനസ്സ് ഓപ്പറേഷൻ മെച്ചപ്പെടുത്തൽ, തൊഴിൽനയം, ലേബലിംഗം വൈദഗ്ധ്യവും, സാങ്കേതിക വിദ്യയും സ്റ്റാൻഡഡൈസേഷനും, അടിസ്ഥാന സൗകര്യം, ഉപയുക്തത, ഭാരവും അളവുകളും, നികുതി തുടങ്ങിയവ ഉൾപ്പെടുത്തികൊണ്ടുള്ള പ്രോൽസാഹനനയ രൂപീകരണം. കൂടാതെ, താഴെ പറയുന്ന വൈദഗ്ധ്യ മേഖലകൾ വാണിജ്യ മിഷനിലൂടെ നടപ്പിലാക്കും. I. ജോയിന്റ് ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ്, കൊച്ചി മറ്റ് എക്സ്പോർട്ടേഴ്സ് ഫോറങ്ങൾ എന്നിവയുടെ പിന്തുണയോടെ ഫെസിലിറ്റേഷൻ സെൽ യൂണിറ്റ്. II. MPEDA, APEDA, Spices Board, Rubber Board and Coconut Development Board തുടങ്ങിയ കമ്മോഡിറ്റി ബോർഡുകളുമായും CII, FICCI, FIEO and KSSIA തുടങ്ങിയ വ്യവസായ അസോസിയേഷനുകളുമായും സഹകരിച്ച് കേരളത്തിനായുള്ള കയറ്റുമതി തന്ത്രം തയ്യാറാക്കി 4 വർഷത്തിലൊരിക്കൽ അപ്ഡേറ്റ് ചെയ്യും. വാണിജ്യ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി സംസ്ഥാനത്തെ വിവിധ ജില്ലകളിൽ പ്രാദേശിക വ്യാപാര മേളകൾ വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വാണിജ്യ വകുപ്പ് യുവജനങ്ങൾക്കു വേണ്ടി ഇ.ഡി. ക്ലബ് കോൺക്ലേവ് - എം.എസ്.എം.ഇ സമ്മിറ്റ് (Enlight 2020) 2020

| | | | |
|---|---|---|---|
| | | | ജനുവരി 29, 30 തീയതികളിൽ സംഘടിപ്പിച്ചു. കേരളത്തിൽ നിന്നും വിദ്യാർത്ഥികൾ, അധ്യാപകർ, സംരംഭകർ തുടങ്ങിയവർ 'Enlight 2020' ഇ.ഡി. ക്ലബ് കോൺക്ലേവിൽ പങ്കെടുക്കുകയും അവരുടെ നൂതനമായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ